വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. -PRIYANKA G IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് –"**ORANGE THE WORLD CAMPAIGN** " **പരിപാടികൾ നടത്തുന്നതിന് തുക അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം: **സ ഉ (സാധാ) നം.276/2024/ വശി വി വ തിയതി 26.07.2024**

**<u>ഉത്തരവ് നം.DWCD/2027/2024-WEC1 തീയതി: 16-11-2024</u>**

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ലിംഗവിവേചനവും അവസാനിപ്പിക്കുന്നതിന് നവംബർ 25 (INTERNATIONAL DAY FOR THE ELIMINATION OF ALL KINDS OF VIOLENCE AGAINST WOMEN) മുതൽ ഡിസംബർ 10 ( HUMAN RIGHTS DAY ) വരെ 16 ദിവസം നീണ്ടു നിൽക്കുന്ന പരിപാടികൾ "ORANGE THE WORLD CAMPAIGN " ന്റെ ഭാഗമായി ലോകമെമ്പാടും ആചരിച്ചുവരുന്നു. **"Safety, everywhere and always"** (",എപ്പോഴും, എല്ലായിടത്തും സുരക്ഷ " ) എന്നതാണ് ഈ വർഷത്തെ തീം. ഈ വർഷവും ' **Orange the World Campaign** ' ന്റെ ഭാഗമായി നവംബർ 25- **International Day for the Elimination of all kinds of violence against women** , നവംബർ 26 - സ്ത്രീധന നിരോധന ദിനവും ഗാർഹിക പീഡന നിരോധന ദിനവും ഡിസംബർ 10 മനുഷ്യാവകാശദിനവും വിപുലമായി സംഘടിപ്പിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതിന് പരാമർശം പ്രകാരം 40,00,000/- രൂപ (നാല്പത് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, ഗാർഹിക പീഡനം, സ്ത്രീധന സമ്പ്രദായം, ബാല വിവാഹം, ബലാത്സംഘം മറ്റ് അതിക്രമങ്ങൾ ദുരാചാരങ്ങൾ എന്നിവ സമൂഹത്തിൽ നിന്ന് ഉന്മുലനം ചെയ്ത് ",എപ്പോഴും, എല്ലായിടത്തും സുരക്ഷ " ഉറപ്പ് വരുത്തേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. ടി വിഷയങ്ങളിൽ നവംബർ 25 മുതൽ ഡിസംബർ 10 വരെ നീണ്ടു നില്ക്കുന്ന വിവിധ പരിപാടികളിലൂടെ പൊതുജന ശ്രദ്ധ

കൊണ്ടുവന്ന് സമൂഹ മനോഭാവത്തിൽ മാറ്റം ഉണ്ടാക്കുന്നതിനും ആയതിലൂടെ ചൂഷണ രഹിത സമൂഹം സൃഷ്ടിക്കുക എന്നതുമാണ് ലക്ഷ്യമിടുന്നത്.

സ്ത്രീകൾക്കെതിരെ നടക്കുന്ന എല്ലാ തരത്തിലുള്ള അതിക്രമങ്ങളും ലിംഗ വിവേചനവും അവസാനിപ്പിക്കുന്നതിന് വേണ്ടി വിവിധ വകുപ്പ് ജില്ലാതല മേധാവികൾ, ജനപ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ,പൊതു ജനങ്ങൾ , വിവിധ യൂണിയൻ നേതാക്കൾ, കോളേജ് വിദ്യാർത്ഥികൾ, തുടങ്ങിയവരെ പങ്കെടുപ്പിച്ച് ടി വിഷയങ്ങളിന്മേൽ ജനശ്രദ്ധ ആകർഷിക്കത്തക്കവണ്ണം 14 ജില്ലകളിലും വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി ഒരു ജില്ലയ്ക്ക് 50,000/- രൂപ വീതം 14 ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് ആകെ 7,00,000/- രൂപ (ഏഴ് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നു.

ഈ വർഷത്തെ Orange the World Campaign ന്റെ ഭാഗമായി 2024 നവംബർ 25 മുതൽ ഡിസംബർ 10 വരെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ജില്ലകളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

| ക്രമ നം. | തീയതി | വിഷയം |
|---|---|---|
| | 25.11.2024 | ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് കോളേജ് വിദ്യാർത്ഥികൾ, വിവിധ സംഘടനകളിലെ അംഗങ്ങൾ /വിവിധ ക്ലബുകളിലെ യുവാക്കൾ എന്നിവരുടെ പങ്കാളിത്തത്തോടെ റാലി/മാരത്തോൺ സംഘടിപ്പിക്കേണ്ടതാണ്. ജില്ലാ കളക്ടർ/വിശിഷ്ടവ്യക്തികൾ റാലി മാരത്തോൺ ഫ്ലാഗ് ഓഫ് ചെയ്ത് orange the world Campaign പരിപാടിയുടെ ഉദ്ഘാടന ചടങ്ങ് നിർവ്വഹിക്കേണ്ടതാണ്. റാലി സംഘടിപ്പിക്കുന്ന വിവരം പോലീസ് അധികൃതരെ അറിയിക്കേണ്ടതാണ്.<br>ടി പരിപാടി സംഘടിപ്പിക്കുന്നതിലേയ്ക്കായി DWCDO യ്ക്ക് 8, 000/- രൂപ അനുവദിക്കുന്നു.<br>**<u>ഏകദിന പരിശീലന പരിപാടി</u>** |

| | | | |
|---|---|---|---|
| | | | ജില്ലയിലെ പ്രോഗ്രാം ഓഫീസർ, എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർ, വിമൻ പ്രൊട്ടക്ഷൻ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ, എല്ലാ സൂപ്പർവൈസർമാർ, എല്ലാ സ്കൂൾ കൌൺസിലർമാർ, DHEW സ്റ്റാഫ് എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ POSH Act, DV Act, Child Marriage Prohibition Act, Dowry Prohibition Act എന്നീ ആക്ടുകളെ സംബന്ധിച്ച് ഏകദിന പരിശീലന പരിപാടി നടത്തേണ്ടതാണ്.<br><br>ലഘു ഭക്ഷണം , ഉച്ച ഭക്ഷണം = 36000/-<br>ബാനർ = 1000/-<br>മറ്റ് ചെലവുകൾ = 1000/-<br>Resource Persons Honorarium = 4000/-<br>........................<br>42000/- രൂപ<br>==================<br><br>ആകെ 8000+ 42000= 50,000/- രൂപ |
| | | 26.11.2024-<br>30.11.2024 | • WPO മാർ SPC, SH മുഖേന PWDV Act നെ സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും കൂടാതെ ഓരോ SPC യും WPO മാരുടെ നേതൃത്വത്തിൽ ഐസിഡിഎസ് ഏരിയയിലെ പൊതുജനങ്ങൾക്ക് 4 സ്ഥലങ്ങളിലെങ്കിലും ഗാർഹിക പീഡന നിരോധന നിയമത്തെക്കുറിച്ച് അവബോധ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.<br>• ശിശു വികസന പദ്ധതി ഓഫീസർമാർ സംഘടിത, അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്ന ആളുകൾക്കിടയിൽ POSH Act നെക്കുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ സർക്കാർ,അർദ്ധ സർക്കാർ, സംഘടിത അസംഘടിത മേഖലകൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലിടങ്ങളും സന്ദർശിച്ച് Posh Compliance Portal -ൽ രജിസ്ട്രേഷൻ നടത്തിയെന്ന് ഉറപ്പ് വരുത്തേണ്ടതും ടി സ്ഥാപനങ്ങളിൽ IC രൂപീകരിച്ചിട്ടില്ലെങ്കിൽ സ്ഥാപന ഉടമസ്ഥ് /മേലധികാരിക്ക് നോട്ടീസ് നൽകേണ്ടതുമാണ്. ഇതോടൊപ്പം അനുബന്ധമായി |

| | | |
|---|---|---|
| | | ചേർത്തിരിക്കുന്ന പ്രൊഫോർമയിൽ ടി വിവരങ്ങൾ രേഖപ്പെടുത്തി ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് നൽകേണ്ടതും ജില്ലാ വനിത ശിശു വികസന ഓഫീസർ ഇവ ക്രോഡീകരിച്ച് ഡിസംബർ 15 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.<br>• ജില്ലാ വനിത ശിശു വികസന ഓഫീസർ, ജില്ലാ കളക്ടറേറ്റിൽ വച്ച് നടത്തുന്ന നവംബർ മാസത്തെ District Development Committee യിൽ ജനപ്രതിനിധികൾ ,വിവിധ വകുപ്പിലെ ജില്ലാതല മേധാവികൾ എന്നിവർക്ക് POSH Act നെ കുറിച്ച് ബോധവത്ക്കരണക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്. |
| | 30.11.2024 | അങ്കണവാടിതലത്തിൽ ഓരോ അങ്കണവാടിയിലെയും വർണ്ണകൂട്ടിലെ (കൌമാര ക്ലബിലെ) അംഗങ്ങളെ ഉൾപ്പെടുത്തി Posh Act, Child Marriage Prohibition Act നെ സംബന്ധിച്ച് അങ്കണവാടി പ്രവർത്തകർ ബോധവത്ക്കരണ ക്ലാസുകൾ നടത്തി കുട്ടികളെ കൊണ്ട് ടി വിഷയം സംബന്ധിച്ച് skit അവതരിപ്പിക്കേണ്ടതാണ്. ആയതിന്റെ വീഡിയോ ക്ലിപ് CDPO മാർ DWCDO ലേയ്ക്ക് അയച്ചുകൊടുക്കേണ്ടതും DWCDO മുഖേന SHEW ലേയ്ക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. |
| | 01.12.2024 | DHEW ജീവനക്കാർ POSH Act, DV Act, Child Marriage Prohibition Act, Dowry Prohibition Act എന്നിവ സംബന്ധിച്ച് IEC Materials തയ്യാറാക്കേണ്ടതും സോഷ്യൽ മീഡിയ വഴി വ്യാപക പ്രചാരണം നടത്തേണ്ടതുമാണ്. |
| | 02.12.2024-06.12.2024 | • സ്ക്കൂൾ കൌൺസിലർമാർ സ്കൂളുകളിൽ ,ശൈശവ വിവാഹം തടയുന്നതിനായി Child Marriage Prohibition Act സംബന്ധിച്ച് സ്കൂൾ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും (upper primary classes മുതൽ) ബോധവത്ക്കരണ ക്ലാസുകൾ നടത്തേണ്ടതും ടി വിഷയവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി എല്ലാ ക്ലാസുകളിലും poster campaign സംഘടിപ്പിക്കേണ്ടതുമാണ്. ആയതിന്റെ photos CDPO മാർ DWCDO ലേയ്ക്ക് അയച്ചകൊടുക്കേണ്ടതും DWCDO മുഖേന SHEW |

| | | |
|---|---|---|
| | | ലേയ്ക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.<br>• POSH Act, DV Act, Child Marriage Prohibition Act, Dowry Prohibition Act എന്നിവയെ സംബന്ധിച്ച് CDPO/Supervisors പ്രോജക്ട് ഏരിയയിലെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളെയും,വിവിധ വകുപ്പുകളിലെ ബ്ളോക്ക്,പഞ്ചായത്ത് തല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതുമാണ്. ആയതിന്റെ Photos CDPO മാർ DWCDO ലേയ്ക്ക് അയച്ചുകൊടുക്കേണ്ടതും DWCDO മുഖേന SHEW ലേയ്ക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. |
| | 03.12.2024-07.12.2024 | പ്രോഗ്രാം ഓഫീസർ , ജില്ലാ ശിശു സംരക്ഷണ ഓഫീസർ NSS, NCC എന്നിവരുടെ സഹകരണത്തോടെ കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പൊതുയിടങ്ങളിൽ Child Marriage Prohibition , Dowry Prohibition എന്നിവയെ സംബന്ധിച്ച് സ്കിറ്റ് അവതരിപ്പിക്കേണ്ടതാണ്. |
| | 07.12.2024 | അങ്കണവാടിതലത്തിൽ ഓരോ അങ്കണവാടിയിലെയും വർണ്ണകൂട്ടിലെ (കൌമാര ക്ലബിലെ) അംഗങ്ങളെ ഉൾപ്പെടുത്തി DV Act, Dowry Prohibition Act നെ സംബന്ധിച്ച് അങ്കണവാടി വർക്കർമാർ ബോധവത്ക്കരണ ക്ലാസുകൾ നടത്തി കുട്ടികളെ കൊണ്ട് ടി വിഷയം സംബന്ധിച്ച് skit അവതരിപ്പിക്കേണ്ടതാണ്.ആയതിന്റെ വീഡിയോ ക്ലിപ് CDPO മാർ DWCDO ലേയ്ക്ക് അയച്ചുകൊടുക്കേണ്ടതും DWCDO മുഖേന SHEW ലേയ്ക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. |
| | 02.12.2024-10.12.2024 | DHEW ജീവനക്കാർ എല്ലാ കോളേജുകളിലും POSH Act, DV Act, Child Marriage Prohibition Act, Dowry Prohibition Act എന്നിവയെ സംബന്ധിച്ച് അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. |

Orange the World Campaign ന്റെ ഉദ്ഘാടന പരിപാടി

സംഘടിപ്പിക്കുന്നതിനും ടി ദിവസം ഉദ്യോഗസ്ഥർക്ക് പരിശീലനം നടത്തുന്നതിലേയ്ക്കുമായി ഓരോ ജില്ലയ്ക്കും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) വീതം അനുവദിക്കുന്നു. ഓരോ പരിപാടിക്കും നിശ്ചയിച്ച് നൽകിയിട്ടുള്ള തുക അവശേഷിക്കുന്ന പക്ഷം ആകെ അനുവദിച്ച 50,000/- രൂപയിൽ അധികരിക്കാതെ orange the world campaign ന്റെ ഭാഗമായി മറ്റ് പ്രവർത്തനങ്ങൾക്ക് ആവശ്യാനുസരണം വിനിയോഗിക്കാവുന്നതാണ്.

**ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് പത്ര-ദൃശ്യ സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാപക പ്രചരണം നൽകേണ്ടതുമാണ്. DHEW മുഖേന 16 ദിവസങ്ങളിലും ബോധവത്ക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കേണ്ടതാണ്.**

ജില്ലാ തല പരിപാടികൾ സംഘടിപ്പിക്കുന്നതിനായി അനുവദിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 50,000/- |
| 2 | കൊല്ലം | 50,000/- |
| 3 | പത്തനംതിട്ട | 50,000/- |
| 4 | ആലപ്പുഴ | 50,000/- |
| 5 | കോട്ടയം | 50,000/- |
| 6 | ഇടുക്കി | 50,000/- |
| 7 | എറണാകുളം | 50,000/- |
| 8 | തൃശ്ശൂർ | 50,000/- |
| 9 | പാലക്കാട് | 50,000/- |
| 10 | മലപ്പുറം | 50,000/- |

| | | |
|---|---|---|
| 11 | കോഴിക്കോട് | 50,000/- |
| 12 | വയനാട് | 50,000/- |
| 13 | കണ്ണൂർ | 50,000/- |
| 14 | കാസറഗോഡ് | 50,000/- |
| | **ആകെ** | **7,00,000** (ഏഴ് ലക്ഷം രൂപ മാത്രം) |

ഇതിലേയ്ക്കാവശ്യമായ തുക 7,00,000/- രൂപ (ഏഴ് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-02-34-03 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത തുക ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെന്റായി നൽകേണ്ടതാണ് .വിവിധ പരിപാടികൾ സംഘടിപ്പിച്ചതിന് ശേഷം ഡോക്യുമെന്റേഷൻ റിപ്പോർട്ടും ചെലവ് വിവരപട്ടികയും ധന വിനിയോഗ സാക്ഷ്യപത്രവും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ 31.12.2024 നകം ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന
ഓഫീസർമാർക്കും

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ വനിത സംരക്ഷണ ഓഫീസർമാർക്കും
3. എല്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
4. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
5. എല്ലാ സൂപ്പർവൈസർമാർക്കും( സിഡിപിഒ മുഖേന)
6. സൂപ്രണ്ട്,അക്കൌണ്ട്സ് സെക്ഷൻ (അലോട്ട്മെന്റ്

അനുവദിക്കുന്നതിലേയ്ക്കായി

7. വെബ് സൈറ്റിൽ

8. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

ıgned by
riyanka G I A S
ate: 16-11-2024 15:11:55